**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 416

15.05.2017 -ൽ മറുപടിയ്ക്ക്

## ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എസ്. ശബരീനാഥൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ് | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;<br><br>(ബി) ഇതിനുള്ള ധനം എവിടെ നിന്ന് കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജന പ്പെടുത്തുന്നതെന്ന് വിശദമാക്കുമോ? | (എ) യും, (ബി) യും & (സി) യും | സംസ്ഥാനത്തെ സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങൾ രണ്ട് വർഷം കൊണ്ട് സൃഷ്ടിക്കുന്നതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ(കിഫ്ബി) നിന്ന് 500 കോടി രൂപ അനുവദിക്കുമെന്ന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ നിന്നുമുള്ള ധനസഹായം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ 48 ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ ഡി.പി.ആർ തയ്യാറാക്കി നൽകുന്ന ചുമതല സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിനു കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തി രൂപീകരിച്ച ടെക്നിക്കൽ ടീം അംഗങ്ങൾ ബന്ധപ്പെട്ട കോളേജുകൾ സന്ദർശിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ്/എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിലേക്കായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടികൾ തുടർന്നു വരുന്നു.<br><br>54 സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളുടെ ലബോറട്ടറികളും ലൈബ്രറികളും വികസിപ്പിക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 700ലക്ഷം രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്.<br><br>RUSA പദ്ധതി പ്രകാരവും സർക്കാർ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

ഇതു കൂടാതെ, 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി വിഹിതമായി **College Infrastructure Upgradation Programme (CIUP)** സ്കീം പ്രകാരം 2800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കോളേജുകളിൽ നിന്നും ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെയും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ച് കോളേജുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**